പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2464 | 08.05.2017 -ൽ മറുപടിക്ക്

## തിരുവനന്തപുരം ജില്ലയിൽ പുതിയ റവന്യൂ ഡിവിഷൻ

**ചോദ്യം**

ശ്രീ.ഐ.ബി. സതീഷ്

**ഉത്തരം**

ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)

(എ) തിരുവനന്തപുരം ജില്ലയിൽ പുതുതായി റവന്യൂ ഡിവിഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും സർക്കാരിന് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ ഏതൊക്കെ കേന്ദ്രങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ; ആയതിൽ ഏതൊക്കെ താലൂക്കുകളാണ് ഉൾപ്പെട്ടിട്ടുള്ളത്;

(എ) ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ടിൽ തിരുവനന്തപുരം ജില്ലയിലെ നിലവിലെ റവന്യൂ ഡിവിഷന്റെ ആസ്ഥാനം കഴക്കൂട്ടത്തേക്ക് മാറ്റി ആയതിൽ തിരുവനന്തപുരം, ചിറയിൻകീഴ്, വർക്കല എന്നീ താലൂക്കുകളെ ഉൾപ്പെടുത്താമെന്നും, പുതുതായി രൂപീകരിക്കാനുദ്ദേശിക്കുന്ന റവന്യൂ ഡിവിഷന്റെ ആസ്ഥാനം കാട്ടാക്കട ആയി നിശ്ചയിച്ചും ആയതിൽ നെടുമങ്ങാട്, കാട്ടാക്കട, നെയ്യാറ്റിൻകര താലൂക്കുകളെ ഉൾപ്പെടുത്താമെന്നുമാണ് ശുപാർശ ചെയ്തിട്ടുള്ളത്.

(ബി) ഇതു സംബന്ധിച്ച തീരുമാനവും പ്രഖ്യാപനവും വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

(ബി) ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ